(ഇ) ശ്രീനാരായണ ഗുരുദേവ പഠനകേന്ദ്രത്തിന് സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനത്തിനാവശ്യമായ തുക അടിയന്തിരമായി അനുവദിക്കുമോ?

ഉത്തരം

(എ—എഫ്) ചെമ്പഴന്തി ആസ്ഥാനമാക്കി ശ്രീനാരായണ അന്തർദേശീയ പഠന തീർത്ഥാടന കേന്ദ്രം തുടങ്ങുന്നതിലേയ്ക്കായി രൂപീകരിച്ച ജനറൽ കൗൺസിൽ 17-8-2002-ൽ യോഗം ചേർന്നു. പഠനകേന്ദ്രം കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കും സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കുന്നതിലേയ്ക്കും ഒരു പുതിയ സംവിധാനം ഉണ്ടാക്കുന്നതിനായി നിലവിലുള്ള സമിതിയെ പിരിച്ചുവിട്ടുകൊണ്ട് ഒരു പുതിയ ഭരണസമിതി രൂപീകരിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 12-11-2002-ലെ സർക്കാർ ഉത്തരവ് (കൈ) 40/02/സിഎഡി പ്രകാരം പഴയ ഭരണസമിതി പിരിച്ചുവിടുകയുണ്ടായി. ഈ പദ്ധതിക്കുവേണ്ടി സ്ഥലം വാങ്ങുകയോ പ്രവർത്തനത്തിന് പ്രത്യേക തുക അനുവദിക്കുകയോ ചെയ്തിരുന്നില്ല. കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. ഈ കേന്ദ്രത്തിന്റെ പ്രവർത്തനത്തിനായി അടുത്ത സാമ്പത്തിക വർഷത്തെ ബജറ്റിൽ 50 ലക്ഷം രൂപ വകയിരുത്താൻ തീരുമാനിച്ചിട്ടുണ്ട്.

ആശാൻ സ്മാരകം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി

67 [1074] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല്ലന കുമാരകോടിയിലുള്ള ആശാൻ സ്മാരകം സർക്കാർ ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) തോന്നയ്ക്കൽ മാതൃകയിൽ പല്ലനയിലും വികസനപ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കുമോ;

(സി) നേരത്തെ വിഭാവനം ചെയ്തിരുന്ന ബ്രിഡ്ജ് മ്യൂസിയം പല്ലനയിൽ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ—സി) ഇക്കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

തുഞ്ചൻ സ്മാരക ട്രസ്റ്റിലെ അംഗങ്ങൾ

68 [1075] ശ്രീ. പി. ടി. തോമസ്:
,, എം. പി. ഗംഗാധരൻ:
,, ലൂഡി ലൂയിസ്:
,, കെ. ബാബു:
,, ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നിലവിലുള്ള തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ അംഗങ്ങൾ ആരെല്ലാമാണ്;

(ബി) ഇവരിൽ സി.പി.ഐ. (എം) പ്രവർത്തകർ ആരെല്ലാം; അല്ലാത്തവർ ആരെല്ലാം;

(സി) ഇവരുടെ കാലാവധി എത്രയാണ്;

(ഡി) ഈ ട്രസ്റ്റിലെ അംഗങ്ങളെ തെരഞ്ഞെടുക്കുകയാണോ ഗവൺമെന്റ് നോമിനേറ്റ് ചെയ്യുകയാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) താഴെ പറയുന്നവരാണ് തുഞ്ചൻ സ്മാരക ട്രസ്റ്റിന്റെ നിലവിലുള്ള അംഗങ്ങൾ:

1. ശ്രീ. എം. ടി. വാസുദേവൻ നായർ
2. ,, ചാത്തനാത്ത് അച്ചുതൻ ഉണ്ണി
3. ,, പി. നന്ദകുമാർ
4. ,, പി. കെ. നാരായണൻകുട്ടി
5. ,, വി. കൃഷ്ണൻകുട്ടി
6. ,, കെ. എക്സ്. ആന്റോ
7. ഡോ. പി. കെ. പോക്കർ
8. ശ്രീ. സി. ഹരിദാസ് (എക്സ് എം.പി.)
9. ,, ആലംകോട് ലീലാ കൃഷ്ണൻ
10. ,, മണമ്പൂർ രാജൻബാബു
11. ,, വി. കെ. ഗോപി
12. ,, സി. ഐ. വാര്യർ
13. ഡോ. എൻ. ആർ. രാഘവ വാര്യർ
14. ജില്ലാ കളക്ടർ മലപ്പുറം (എക്സ് ഒഫിഷ്യോ)
15. എം. എൽ. എ. തിരൂർ നിയമസഭ (എക്സ് ഒഫിഷ്യോ)
16. മുനിസിപ്പൽ ചെർപേഴ്സൺ/ചെയർമാൻ, തിരൂർ മുനിസിപ്പാലിറ്റി (എക്സ് ഓഫിഷ്യോ)
17. സെക്രട്ടറി തിരൂർ മുനിസിപ്പാലിറ്റി (എക്സ് ഒഫിഷ്യോ)
18. ശ്രീ. എം. എൻ. കാരശ്ശേരി
19. ,, വൈശാഖൻ

(ബി) അംഗങ്ങളുടെ രാഷ്ട്രീയ സ്ഥിതിവിവര കണക്കുകൾ സർക്കാരിന്റെ പക്കലില്ല.

(സി) ട്രസ്റ്റിലെ അംഗങ്ങളുടെ കാലാവധി പരിമിതപ്പെടുത്തിയിട്ടില്ല. കോ-ഓപ്ട് ചെയ്യപ്പെടുന്ന ട്രസ്റ്റികളുടെ കാലാവധി അഞ്ചുവർഷമാണ്.

(ഡി) 26-2-2001-ലെ സ.ഉ. (എംഎസ്) 14/01/സി.എ.ഡി. പ്രകാരം 17 പേരെ ഉൾപ്പെടുത്തിക്കൊണ്ടാണ് ട്രസ്റ്റ് രൂപീകൃതമായത്. പിന്നീട് രണ്ടുപേരെകൂടി ട്രസ്റ്റ് കോ-ഓപ്ട് ചെയ്യുകയുണ്ടായി. കോ-ഓപ്ട് ചെയ്യുന്നതിനുള്ള അധികാരം ട്രസ്റ്റിനാണ്.

LIBRARY ARCHIVES Kerala Legislative Assembly